**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2584** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഈറ്റ വെട്ട്,പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ നിലവിലെ ക്ഷാമബത്ത കുടിശ്ശിക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ;എങ്കിൽ എന്നാണ് വിതരണം ചെയ്തതെന്നും ആകെ എത്ര തുക തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഇല്ല. ഒക്ടോബർ 2015 മുതൽ മാർച്ച് 2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 05.08.2021 നും, ഏപ്രിൽ 2017 മുതൽ ജൂൺ 2018 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക 21.12.2021 നും വിതരണം ചെയ്തിട്ടുണ്ട്. ഈറ്റ വെട്ട് തൊഴിലാളികൾക്ക് 77,61,039/- രൂപയും, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 5,30,16,989 രൂപയും ആകെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര മാസത്തെ കുടിശ്ശികയാണ് ഇപ്രകാരം നൽകിയിട്ടുള്ളതെന്നും ഇനി എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്നും അറിയിക്കാമോ? | (ബി) | ബാംബൂ കോർപ്പറേഷനിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 30 മാസത്തെ ക്ഷാമബത്ത കുടിശ്ശിക നല്കിയിട്ടുണ്ട്. ഫെബ്രുവരി 2022 വരെ 40 മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ